# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ 94,890/- (തൊണ്ണൂറ്റിനാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം. 3530 /16/തസ്വഭവ. തിരുവനന്തപുരം, തീയതി: 28/12/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 01/02/2016- തീയതിയിലെ എം3-920/16 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 27/08/2016-ലെ കെ.എസ്.എ 2824/പിറ്റി2/2016 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം സർക്കാർ ഉത്തരവിന് വിരുദ്ധമായി കെ.എസ്.ഇ.ബി അധികൃതരുടെ എസ്റ്റിമേറ്റോ മേൽനോട്ടമോ ഇല്ലാതെ ഗ്രാമപഞ്ചായത്ത് നടത്തിയ തെരുവു വിളക്ക് റിപ്പയറിംഗിന് ചെലവഴിച്ച 94,890/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരുന്ന തുക ചെലവഴിക്കേണ്ടി വന്ന സാഹചര്യം പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നത് കെ.എസ്.ഇ.ബി യുടെ എസ്റ്റിമേറ്റോട് കൂടി അവരുടെ മേൽനോട്ടത്തിലായിരിക്കണമെന്ന് സർക്കാർ ഉത്തരവ് (എം.എസ്)നം 13/97/പവർ ഡിപ്പാർട്ട്മെന്റ് തീയതി 23-03-1997 പ്രകാരം നിഷ്കർഷിക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനം കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് (1) ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ

അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്നതാണ്. എന്നാൽ സർക്കുലർ നം 3055/DA3/2011 തീയതി 15.9.2011, 67208/ഡിഎ 3/2011/തസ്വഭവ തീയതി 27.03.2013 എന്നീ ഉത്തരവുകൾ പ്രകാരം തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള വ്യവസ്ഥകൾ നിലവിൽ ഉദാരമാക്കിയിട്ടുള്ളതിനാലും ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനം തന്നെ വഹിക്കണമെന്നതിനാലും ഗ്രാമപ്ഞ്ചായത്ത് ഭരണസമിതിയുടെയും ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെയും പഞ്ചായത്ത് ഡയറക്ടറുടെയും അനുകൂല ശുപാർശ ലഭ്യമാക്കിയിട്ടുള്ളതിനാലും 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.4 പ്രകാരം സാധൂകരണം നല്കുന്ന വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ തന്നെ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയ 94,890/- (തൊണ്ണൂറ്റിനാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു. എ.ടി,
അണ്ടർ സെക്രട്ടറി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ,പാലക്കാട്
സെക്രട്ടറി, പിരിയാരി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ